## പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1731** — **14.08.2017-ൽ മറുപടിക്ക്**

## സഭാ തർക്കവുമായി ബന്ധപ്പെട്ടുള്ള സംഘർഷാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ കോലഞ്ചേരി, വരിക്കോലിൽ, മണ്ണത്തൂർ, നെച്ചൂർ എന്നീ ദേവാലയങ്ങളിൽ സഭാ തർക്കവുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) എറണാകുളം റൂറൽ ജില്ലയിലെ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾ ചർച്ച്, കോലഞ്ചേരി, സെന്റ് മേരീസ് ചർച്ച്, വരിക്കോലിൽ, മണ്ണത്തൂർ, നെച്ചൂർ എന്നിവിടങ്ങളിൽ ബഹു.ജില്ലാ മജിസ്ട്രേറ്റ്, മൂവാറ്റുപുഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് എന്നീ മേലധികാരികളെ യഥാസമയം അറിയിച്ചുകൊണ്ട് ഓരോ പള്ളികളുടേയും ആഘോഷങ്ങളും മറ്റ് വിശേഷപ്പെട്ട ദിവസങ്ങളും വരുമ്പോൾ അവരുടെ നിർദ്ദേശാനുസരണം കൃത്യവും ഫലപ്രദവുമായി ഇടപെടലുകളിലൂടെ ക്രമസമാധാനം പാലിച്ചുവരുന്നു. ക്രമസമാധാന പാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ സമയത്തും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഡി.വൈ.എസ്.പി., സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന പോലീസ് സംഘത്തെ വിന്യസിച്ചും, ആവശ്യമുള്ള ഘട്ടങ്ങളിൽ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്താറുള്ളതുമാണ്. |
| (സി) പ്രസ്തുത ദേവാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇരുവിഭാഗങ്ങളിലുള്ളവരുമായി സമാധാന ചർച്ചകൾ നടത്തി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടി യോഗത്തിൽ സുപ്രീംകോടതി വിധി ഇരുകക്ഷികളും പാലിക്കുവാൻ നിർദ്ദേശിച്ചു. |

2. പ്രധാന പള്ളിയിലോ, അനുബന്ധ സ്ഥാപനങ്ങളിലോ യാക്കോബായ വിഭാഗത്തിലുള്ള വൈദികരോട് പ്രവേശിക്കരുതെന്നും, എന്നാൽ വിശ്വാസികൾക്ക് പ്രവേശിക്കാം എന്നും നിർദ്ദേശിച്ചു.
3. യാക്കോബായ വിഭാഗത്തിലെ ആരെങ്കിലും മരണപ്പെട്ടാൽ ടി വിഭാഗത്തിലെ വൈദികൻ ഒഴികെ 20 വിശ്വാസികൾക്ക് സെമിത്തേരിയിൽ പ്രവേശിച്ച് ചടങ്ങുകൾ നടത്താവുന്നതാണെന്നും നിർദ്ദേശിച്ചു.
4. 28.07.2017-ാം തീയതി നടന്ന ചർച്ചയിൽ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന് തുറന്നു നൽകുന്നതിനും യാക്കോബായ വിഭാഗത്തിലെ വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കുന്നതിന് തടസ്സം ഇല്ലായെന്നും നിർദ്ദേശിച്ചു.
5. ബഹു.സുപ്രീം കോടതി വിധി ലംഘിച്ചാൽ ആവശ്യമായ സംരക്ഷണം നൽകാൻ പോലീസിനോട് നിർദ്ദേശിച്ചു.

കൂടാതെ സുപ്രീം കോടതി വിധി വന്നിട്ടുള്ള സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്.

Deepa

സെക്ഷൻ ഓഫീസർ